കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം , കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം/പി-10/1194/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി : 15.01.2021

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്ത്.

സർ,

വിഷയം : ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-12 മുതൽ 1-27 വരെയുള്ള ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)
2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം.
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം./പി-10 /1194/2020 തീയതി : 15.01.2021

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്തിന്റെ

2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള
ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്ത് 14-02-19 മുതൽ 01-10-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മാത്യൂറോയ്. കെ. പി.<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 5-10-20 മുതൽ 9-10-20 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രദീപ് കുമാർ. പി. | ഓഡിറ്റ് ഓഫീസർ<br>(ഹയർ ഗ്രേഡ്) |
| | ശ്രീമതി അമ്പിളി. ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. അനിൽ കുമാർ. എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ദിവ്യ. ജെ | ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി എ. സുമ | 01.04.2018 മുതൽ<br>04-06-2018 വരെ |
| | ശ്രീ. എസ്. ശിവൻ പിള്ള | 05-06-2018 മുതൽ<br>15-07-2018 വരെ |
| | ശ്രീമതി അംബികാ ദേവി പിള്ള | 16-07-2018 മുതൽ<br>31-01-2019 വരെ |
| | ശ്രീമതി കെ. കൃഷ്ണകുമാരി | 01-02-2019 മുതൽ<br>20-02-2019 വരെ |
| | ശ്രീമതി ബി. അരുണാമണി | 21-02-2019 മുതൽ<br>31-03-2019 വരെ |
| സെക്രട്ടറി | ശ്രീ. അബ്ദുൾസലാം ഇ. | 01.04.2018 മുതൽ<br>31.05.2018 വരെ |
| | മീനാകുമാരി | 1.06.2018 മുതൽ<br>7.06.2018 വരെ |
| | കെ. അനിൽ കുമാർ | 8.06.2018 മുതൽ<br>31.03.2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ശൂരനാട് | ഡോ. ഫിലിപ്പ് തോമസ് വൈദ്യൻ | 1.04.2018 മുതൽ<br>13-03-2019 വരെ |
| | ഡോ. സവിതാ കണ്ണൻ | 14-03-2019 മുതൽ<br>31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മൈനാഗപ്പള്ളി | ഡോ. വീണ രാജ് | 1.04.2018 മുതൽ<br>31-12-18 വരെ |
| | ഡോ. സാം | 01-01-2019 മുതൽ<br>31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ,<br>(താലൂക്ക് ഹോസ്പിറ്റൽ) | ഡോ. സുനിൽകുമാർ | 1.04.2018 മുതൽ<br>31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ഷിബി ചക്രവർത്തി | 01.04.2018 മുതൽ<br>31.07.2018 വരെ |
| | ശ്രീമതി മഞ്ജു. ഒ. ബി, | 01-08-2018 മുതൽ<br>05-10-2018 വരെ |
| | ശ്രീ . കെ. ഒാമനക്കുട്ടൻ, | 06-10-2018 മുതൽ<br>31-03-2019 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി സിന്ധു പി. റ്റി. | 1-04-2018 മുതൽ<br>31.03.2019 വരെ |
| ശിശുവികസന ഓഫീസർ | ശ്രീമതി മീന കുമാരി. എം.എസ്സ്. | 1.04.2018 മുതൽ<br>31.07.2018 വരെ |
| | ശ്രീമതി ഗംഗാഭായി. കെ. വി. | 1.08.2018 മുതൽ<br>31.03.2019 വരെ |
| ശിശുവികസന ഓഫീസർ,<br>ശാസ്താംകോട്ട അഡീഷണൽ | ശ്രീമതി ഉഷാകുമാരി | 01-04-2018 മുതൽ<br>31.3.2019 വരെ |
| കൃഷി അസി. ഡയറക്ടർ | ശ്രീ. എസ്. ജെ. ഹരികുമാർ | 1.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| അസി. എക്സി. എഞ്ചിനിയർ | ശ്രീമതി. ഷൈജ. ബി. | 01.04.2018 മുതൽ 07.06.2018 വരെ |
| | ശ്രീമതി. സീന ജെറോം | 08.06.2018 മുതൽ 31-03-2019 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി ദീപ | 1.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | സാംഖ്യാരസീതുകൾ ഉപയോഗിക്കുന്നില്ല, രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. | 1-12 |
| 13 | കരാർ പുതുക്കാതെയും വാടക വർദ്ധിപ്പിക്കാതെയും കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നു. | 1-13 |
| 14 | വൗച്ചർ പരിശോധനയുടെ ഭാഗമായി അപാകതകൾ കണ്ടെത്തി | 1-14 |
| 15 | ഭിന്ന ശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് - തുക പൂർണ്ണമായും ചെലവഴിച്ചില്ല | 1-15 |
| 16 | അങ്കണവാടി കെട്ടിടനിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ – വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-16 |
| 17 | പ്രോജക്ട് രൂപീകരണത്തിലെ അപാകതകൾ | 1-17 |
| 18 | പട്ടികവർഗ്ഗ വികസനപ്രോജക്ട് നടപ്പിലാക്കിയില്ല - തുക ലാപ്സായി | 1-18 |
| 19 | രേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 20 | ലൈഫ് - ഭവനപദ്ധതിക്ക് തുക പഞ്ചായത്തുകൾക്ക് നല്കിയെങ്കിലും വിനിയോഗിച്ചിട്ടില്ല | 1-20 |
| 21 | നടപ്പിലാക്കാത്ത പ്രോജക്ടുകൾക്ക് വിഹിതം നൽകി | 1-21 |
| 22 | മരാമത്ത് പ്രവൃത്തി - പൂർത്തീകരണ കാലാവധി വൈകിയതിന്റെ പിഴ ഈടാക്കൽ -നടപടി ക്രമങ്ങളിൽ അപാകത. | 1-22 |
| 23 | സി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ – മരുന്നുകൾ സ്റ്റോക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-23 |
| 24 | കരാർ കിഴിവ് കണക്കിലെടുക്കാതെ ബിൽ തുക നൽകി. 2,496/- രൂപ തിരികെ ഒടുക്കി | 1-24 |
| 25 | വിദ്യാദീപം - പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏകീകൃതസൗകര്യമുള്ള | 1-25 |

| | | |
|---|---|---|
| | പഠനമുറിപൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | |
| 26 | ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും പ്രീ-മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് ട്രാവലിംഗ് അലവൻസ്, മാസ അലവൻസ് എന്നിവ നൽകി. 1,61,880/- രൂപ തടസ്സപ്പെടുത്തുന്നു. | 1-26 |
| 27 | ലൈഫ് ഭവന പദ്ധതി – ഗുണഭോക്താവ് വീട് പൂർത്തീകരിച്ചില്ല. | 1-27 |
| | ഭാഗം – 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല | |
| | ഭാഗം – 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല | |
| | ഭാഗം 4 | |
| 28 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 29 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 30 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 32 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 33 | സ്ഥിര നിക്ഷേപം | 4-6 |
| 34 | ഓഡിറ്റ് റിക്കവറി | 4-7 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 36 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 39 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 | അനുബന്ധം -1 |
| 40 | അനുബന്ധപത്രികകൾ | അനുബന്ധം -2 |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

### 21-3-2018 തീയതിയിലെ 1-1 തീരുമാനപ്രകാരം അംഗീകരിച്ചു.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-19 | 18-6-19 | - | - |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 55121698/- രൂപ |

| | |
|---|---|
| വരവ് | 103630880/- രൂപ |
| ആകെ | 158752578/- രൂപ |
| ചെലവ് | 131455886/- രൂപ |
| നീക്കിയിരിപ്പ് | 27296692/- രൂപ |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 45768000 | 45768000 | 35484202 | 10090298 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 29841000 | 29841000 | 22415716 | 7425284 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 3,88,000 | 3,88,000 | 0 | 388000 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | | 0 | 5425000/- | 5425000/- | 3374549 | 2050451 |
| മിസലേനിയസ് (തനത് ഫണ്ട്) | | 247930 | 16938702 | 17186632 | 16911714 | 274918 |
| എം.എൽ.എ-എസ്സ്.ഡി.എഫ്. | | 664704 | 5963184 | 6627888 | 5899005 | 728883 |
| എസ്സ്.ഇ.സി.സി. | | 8632 | 357 | 8989 | 0 | 8989 |
| ടി.എസ്സ്.സി. | | 15515 | 22 | 15537 | 15537 | 0 |
| എസ്സ്.ഐ.ജി.എൻ. | | 6984 | 288 | 7272 | 0 | 7272 |
| എൻ.പി.ആർ.പി.ഡി. | | 10073 | 416 | 10489 | 0 | 10489 |
| ഐ.എ.വൈ - അഡ്മിനിസ്ട്രേഷൻ | | 20082 | 227814 | 247896 | 225691 | 22205 |
| കേരള ഗ്രാമീണ ബാങ്ക് റ്റി.എസ്സ്.സി. | | 1797101 | 159679 | 1956780 | 70868 | 1885912 |
| ടാക്കൂർ | | 527 | 0 | 527 | 443 | 84 |
| ഐ.എ.വൈ - പ്ളാൻ | | 51185623 | 1652456 | 52838079 | 34161843 | 18676236 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 252088 | 0 | 252088 | 252088 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 13401495 | 13401495 | 12178300 | 1223195 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് | 907689 | 4012000 | 4919689 | 461180 | 4458509 |
| ക്യാഷ് | | 4750 | 0 | 4750 | 4750 | 0 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 102 | 116329484 | 79 | 61424467 | 21 | 2 | 77 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

1-7 ക്ഷേമ പദ്ധതികൾ

ഇല്ല

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-10-20 ഉച്ചയ്ക്ക് 3.00 മണിയ്ക്ക് ഹെഡ് ക്ളാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3500/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്.

1. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

2. ബജറ്റ് സംവിധാനത്തിലൂടെ വരവ് ചെലവുകൾ അവലോകനം ചെയ്ത് വരുന്നുണ്ട്.
3. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.
4. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.
5. സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ച് വരവുകൾ സ്വീകരിക്കുന്നതിന് പകരം കൈകൊണ്ടെഴുതുന്ന രസീതുകളാണ് ഉപയോഗിച്ചുവരുന്നത്. ഈ വിവരങ്ങൾ കൃത്യമായി സാംഖ്യായിലേക്ക് ഇന്ററപ്റ്റഡ് രസീത് വഴി കാലികമാക്കുന്നില്ല.
6. കമ്പ്യൂട്ടർ രസീതുകൾ, കൈകൊണ്ടെഴുതുന്ന രസീതുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.
7. സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതുചെയ്ത് സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.
8. ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിച്ച് നീക്കിയിരിപ്പ് ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് മാറ്റേണ്ടതുണ്ട്.
9. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല. പഞ്ചായത്തിന്റെ ആസ്തികൾ നഷ്ടമാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-10-2019 മുതൽ 27-10-19വരെ | 2018-19 | 06-12-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് (തിരുവനന്തപുരം) | 1/6/16 മുതൽ 10/6/16 വരെ | 2012-13 മുതൽ 2015-16 വരെ | 23/12/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് (തൃശ്ശൂർ) | 19/11/15 മുതൽ 20/11/15 വരെ | 7/2013 മുതൽ 10/2015 വരെ | 30/12/15 |

1-11 വാർഷിക കണക്കിലെ അപാകതകൾ

1. ബാലൻസ് ഷീറ്റിലെ ബി.3 ഷെഡ്യൂളും ബി.11 ഷെഡ്യൂളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും നാളിതുവരെ പണമാക്കാത്ത ചെക്കുകൾ ബി.9 ഷെഡ്യൂളിൽ സ്റ്റെയിൽ ചെക്ക് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ചെക്ക് നം./തീയതി | തുക (രൂപ) |
|---|---|
| 1) 2148861/17.8.2018 | 1,400/- |
| 2) 2148862/17.8.2018 | 1,075/- |
| 3) 2148863/17.8.2018 | 575/- |
| 4)2151038/08.11.2017 | 28,732/- |

3. ഐ.6 ഷെഡ്യൂളിൽ ഐ.എ.വൈ - ടി.എസ്.പി ഹെഡിൽ വരവായി കാണിച്ചിരിക്കുന്ന 74,019/- രൂപ 2017-18 വർഷത്തെ വരവാണ്. രജിസ്റ്റർ പ്രകാരം 74,019/- രൂപ ഈയിനത്തിൽ ചെലവായി കാണിയ്ക്കുന്നുണ്ടെങ്കിലും തൻവർഷം ടി.എസ്.പി.ഇനത്തിൽ ചെലവില്ല.

4. 2017-18-ലെ ബി.11 ഷെഡ്യൂളിൽ ലാൻഡ് മൂല്യം 10,50,000/- രൂപയും 2018-19 ൽ ലാൻഡ് മൂല്യം 15,50,000/- രൂപയുമാണ്. RP -38-ൽ ആസ്തിയിനത്തിൽ 5,00,000/- രൂപയുടെ ചെലവുമുണ്ട്. എന്നാൽ ഈ തുക ശൂരനാട് തെക്ക് ഗ്രാമ പഞ്ചായത്തിന് ബഡ്സ് സ്കൂളിനു സ്ഥലം വാങ്ങാനായി എസ്.ഒ.129/19-ാം നം. പദ്ധതി പ്രകാരം വിഹിതം നൽകിയ തുകയാണ്.

5. ബി.11 ഷെഡ്യൂളിൽ അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ ഇനത്തിൽ വാട്ടർ വെയ്സ് എന്ന ഹെഡ്ഡിൽ 2,715,978/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനായി ആസ്തി ഉൾപ്പെടുത്തിയിട്ടില്ല.

6. തൻവർഷം എസ്.ഒ.125/19 കൊച്ചു പാറ – ഇടയ്ക്കാട് കോളനി റോഡ് നിർമ്മാണം എന്ന പദ്ധതിയ്ക്കായി പാർട്ട് ബിൽ ആയി 28,68,176/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ബി.11(എ) ഷെഡ്യൂളിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

7. മുൻവർഷ ആസ്തി മൂല്യവും തൻവർഷ ആസ്തി മൂല്യവും തമ്മിൽ 74,60,664/- രൂപയാണ് വ്യത്യാസം. എന്നാൽ RP 38 ന്റെ ആകെ മൂല്യം 29,20,836/- രൂപയാണ്.

8. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബെയ്സ്ഡ് ആക്കിയിട്ടില്ല.

9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-12 സാംഖ്യാരസീതുകൾഉപയോഗിക്കുന്നില്ല,രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ലെ ചട്ടം 20(ഡി) പ്രകാരം അക്കൗണ്ടിംഗ് സമ്പ്രദായം കമ്പ്യൂട്ടർവത്ക്കരിക്കുമ്പോൾ കമ്പ്യൂട്ടർവത്കൃത രസീത് നൽകേണ്ടതും അതിനായി സർക്കാർ നിർദ്ദേശിക്കുന്ന നടപടിക്രമങ്ങൾ

അവലംബിക്കേണ്ടതുമാണ്. എന്നാൽ 23.01.2016 ന് ശേഷം നാളിതുവരെ സാംഖ്യാ രസീതുകൾ ഉപയോഗിച്ചിട്ടില്ല. 2313501 മുതൽ 2314000 ശ്രേണിയിലുള്ള രസീതുകളിൽ 2313521 വരെയുള്ള രസീതുകളാണ് 23.01.16 വരെ ഉപയോഗിച്ചത്. ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന രസീതുകൾ ഹാജരാക്കിയത് 2313523 മുതൽ 2314000 വരെയുള്ളതാണ്.2313522-ാം നമ്പർ രസീതിന്റെ വിവരം ലഭ്യമല്ല.

കേരളപഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ലെ ചട്ടം 83 പ്രകാരം പഞ്ചായത്തിൽ രസീതു ബുക്കുകൾ ലഭിച്ചാൽ ഉടനെ എണ്ണുകയും നമ്പരിടുകയും സ്റ്റോക്ക് ബുക്കിൽ ചേർക്കുകയും ചെയ്യേണ്ടതാണ്.എന്നാൽ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. രസീത് ഇഷ്യൂ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയത് പ്രകാരം നിലവിൽ ഉപയോഗിക്കുന്ന മാനുവൽ രസീത് ബുക്ക് നമ്പർ 220 ന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ രസീതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.1-ൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല എന്ന പരാമർശത്തിന് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കുന്നതും, 2019-20 മുതൽ സാംഖ്യാ രസീത് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നുമാണ്. എന്നാൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് നിരീക്ഷണങ്ങൾക്കുമേൽ നിരുത്തരവാദപരമായ സമീപനമാണ് സ്വീകരിക്കുന്നത്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സെക്രട്ടറി ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 11, തീയതി. 12.10.20

### 1-13 കരാർ പുതുക്കാതെയും വാടക വർദ്ധിപ്പിക്കാതെയും കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നു

ശൂരനാട് മഹിളാ വ്യവസായ സഹകരണ സംഘത്തിന് പ്രതിമാസം 200 രൂപയ്ക്ക് രണ്ട് കടമുറികൾ 5.05.2010-ൽ വാടകയ്ക്ക് നൽകി. വാടക രജിസ്റ്റർ പരിശോധിച്ചതിൽ 10/2013 മുതലാണ് 200 രൂപ വാടക ഈടാക്കിയത്. ഇപ്പോഴും മാസം 200 രൂപയാണ് വാടക ഈടാക്കുന്നത്. 10 വർഷമായി വാടക വർദ്ധിപ്പിക്കാതെ കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നു. 5.05.2010 ൽ കരാർ ചമച്ചതിന്റെ രേഖയാണ് ഫയലിൽ ഉള്ളത്. വാർഷിക വാടക വർദ്ധനവ് സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. 10 വർഷമായി കരാർ പുതുക്കിയിട്ടില്ല.

19.10.2017 ലെ കമ്മറ്റിയുടെ 2-ാം നമ്പർ തീരുമാനത്തിൽ വാടക വർദ്ധിപ്പിക്കാൻ തീരുമാനിച്ചെങ്കിലും വാടക വർദ്ധിപ്പിച്ചില്ല. ടി കടമുറികൾ ഇപ്പോൾ നവീകരിച്ച് നൽകിയിട്ടുണ്ട്. വർഷങ്ങളായി വാടക വർദ്ധനവ് വരുത്താതെ കടമുറികൾ നവീകരിച്ച് വാടകക്കാർക്ക് കൂടുതൽ സൗകര്യം ഒരുക്കിയിരിക്കുന്നു.

കരാറിൽ കുടുംബശ്രീ യൂണിറ്റുകളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന കേന്ദ്രമായി പ്രവർത്തിക്കാനാണ് കടമുറികൾ വാടകയ്ക്ക് എടുത്തത് എന്നാണുള്ളത്. എന്നാൽ ഓഡിറ്റിന്റെ ഭാഗമായി 9.10.20 ലെ സ്ഥല പരിശോധനയിൽ ശൂരനാട് മഹിളാ വ്യവസായ സഹകരണ

സംഘം എന്ന പേരിൽ കാണപ്പെട്ട കെട്ടിടത്തിൽ നിലവിൽ രണ്ട് മുറി തുണിക്കടയും,ഒരു മുറി ജനസേവന കേന്ദ്രം ആയും മറ്റൊരു മുറി കൂട്ടി ചേർക്കലോടുകൂടി ഹോട്ടൽ ആയും പ്രവർത്തിക്കുന്നു. ഹോട്ടലും ജനസേവന കേന്ദ്രവും പ്രവർത്തിപ്പിക്കുന്നത് പുരുഷൻമാർ ആണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ടി കടമുറികൾക്ക് വാടക വർദ്ധപ്പിക്കാൻ തീരുമാനിച്ച 19.10.2017 മുതൽ പി.ഡബ്ല്യ.ഡി നിരക്ക് പ്രകാരമുള്ള വാടക ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച്, തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 13/12.10.20

1-14 വൗച്ചർ പരിശോധനയുടെ ഭാഗമായി അപാകതകൾ കണ്ടെത്തി.

1. ദിവസ വേതനത്തിന് കമ്പ്യൂട്ടർ അസിസ്റ്റന്റിനെ നിയമിച്ചതിലെ അപാകത

കമ്പ്യൂട്ടർ അസിസ്റ്റന്റ് നിലവിലുള്ള ദിവസങ്ങളിൽ പദ്ധതി സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതിനും, ബഡ്ജറ്റ് തയ്യാറാക്കുന്നതിനും കമ്പ്യൂട്ടർ അസിസ്റ്റന്റ് ലീവെടുക്കുന്ന ദിവസങ്ങളിലേക്കും, ദിവസവേതനത്തിന് കമ്പ്യൂട്ടർ അസിസ്റ്റന്റിനെ നിയമിച്ചിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | ചെക്ക് നമ്പർ | തീയതി | ദിവസങ്ങളുടെ എണ്ണം | തുക ₹ | കുറിപ്പ് |
|---|---|---|---|---|---|
| 236/2018-19 | 2151213,<br>28.02.19 | 14.02.19<br>15.02.19<br>16.02.19<br>18.2.19 | 4 | 2840 | ബഡ്ജറ്റ് തയ്യാറാക്കുന്നതിന് |
| 235/2018-19 | 2151212,<br>26.02.19 | 22.10.218<br>23.10.18 | 2 | 1420 | കമ്പ്യൂട്ടർ അസിസ്റ്റന്റ് ലീവെടുത്തതിന് |
| 161/2018-19 | 2148333,<br>9.11.2018 | 24.10.18<br>26.10.18<br>27.10.18<br>30.10.18<br>31.10.18<br>2.11.18<br>5.11.18<br>7.11.18<br>8.11.18 | 9 | 6390 | കമ്പ്യൂട്ടർ അസിസ്റ്റന്റ് മെഡിക്കൽ ലീവെടുത്തതിന് |
| 199/2018-19 | 2148375,<br>01.01.2019 | 21.12.18<br>22.12.18<br>24.12.18<br>26.12.18<br>27.12.18<br>28.12.18<br>29.12.18 | 7 | 4970 | പദ്ധതി സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതിന് |
| 89/2018-19 | 2148848,<br>08.08.2018 | 21.6.18 | 1 | 710 | കമ്പ്യൂട്ടർ അസിസ്റ്റന്റ് ലീവെടുത്തതിന് |
| | | ആകെ | | 16330 | |

കമ്പ്യൂട്ടർ അസിസ്റ്റന്റ് നിലവിലുള്ളപ്പോൾ ഓഫീസ് ആവശ്യങ്ങൾക്ക് ദിവസവേതനത്തിന് വീണ്ടും കമ്പ്യൂട്ടർ അസിസ്റ്റന്റിനെ നിയമിച്ച വകയിൽ ചെലവഴിച്ച 16330/- രൂപ ഒടുക്ക് വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

2. ബ്ലോക്ക് പഞ്ചായത്തിലെ ദിവസവേതന ജീവനക്കാരായ ഡ്രൈവർമാർക്ക് വേതനം നല്കിയതിൽ പ്രതിമാസ പരിധി പാലിച്ചിട്ടില്ല.

ധനകാര്യവകുപ്പിന്റെ 21.07.18 ലെ സ.ഉ.(അച്ചടി) 112/2018 -ാം നമ്പർ ഉത്തരവ് പ്രകാരം ഡ്രൈവറുടെ ദിവസവേതനം 700/- നിരക്കിൽ ഒരുമാസത്തേക്ക് അനുവദനീയമായ പരമാവധി തുക 18,900/- രൂപയാണ്. എന്നാൽ ബ്ളോക്ക് പഞ്ചായത്തിലെ ഡ്രൈവറായ ശ്രീ. സൂരജിന്, പ്രതിമാസ വേതന പരിധിയിൽ കവിഞ്ഞ് തുക നൽകിയതിൻെറ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡ്രൈവർ | ചെക്ക് നം. തീയതി | അനുവദിച്ച തുക ₹ | അനുവദനീയമായ തുക ₹ | വ്യത്യാസം ₹ |
|---|---|---|---|---|---|
| 1 | ശ്രീ. സൂരജ് | 2148809, 7/06/18 | 19,865 | 18,900 | 965/- |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവിനത്തിൽ നഷ്ടമായ 965/- രൂപ ഒടുക്ക് വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്

3. സ്വന്തമായി വാഹനം ഉണ്ടായിരുന്നിട്ടും വാഹനം വാടകയ്ക്ക് എടുത്ത വകയിലെ ചെലവ് തുകയായ 4080/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി വാഹനം ഉണ്ടായിരുന്നിട്ടും നടപ്പാക്കാത്ത പദ്ധതിയ്ക്കായി ("ശാസ്താംകോട്ട താലൂക്ക് ആശുപത്രിക്ക് ഭൂമി വാങ്ങൽ") ഭൂമിയുടെ ഉടമയെ കാണുന്നതിനായി ബാലരാമപുരത്ത് പോകുന്നതിനായി 14.10.2018 അവധി ദിവസം സ്വന്തം വാഹനം ഉണ്ടായിരുന്നിട്ടും വാഹനം വാടകയ്ക്ക് എടുത്ത വകയിൽ ചെക്ക് നമ്പർ 2148338/13.11.2018 പ്രകാരമുള്ള 4080/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 4080/- രൂപ
ഓഡിറ്റ് എൻക്വയറി നം. 12/12.10.20

1-15 ഭിന്ന ശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് - തുക പൂർണ്ണമായും ചെലവഴിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ - സി.ഡി.പി.ഒ. ശാസ്താംകോട്ട

പ്രോജക്ട് നമ്പർ – 34/18-19

പ്രോജക്ട് – ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ – 11,90,000/-രൂപ (വികസനഫണ്ട് ജനറൽ)

ചെലവ് - 11,90,000/-രൂപ

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിവിധ ഗ്രാമപഞ്ചാത്തുകളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പിനായി ധനസഹായം നൽകാൻ ആവിഷ്കരിച്ച പ്രോജക്ടാണിത്. ബിൽ പ്രകാരം പിൻവലിച്ച തുകയുടെ വിതരണവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ, തീയതി | തുക നൽകിയ പഞ്ചായത്ത് | തുക ₹ | വിനിയോഗിച്ച തുക ₹ | ബാക്കിനിൽക്കുന്ന തുക ₹ |
|---|---|---|---|---|
| 1/18-19/ 29-6-18 | വെസ്റ്റ് കല്ലട | 1,25,000/- | 1,16,700 | 8,300/- |
| 2/18-19/ 7-9-18 | ശൂരനാട് സൗത്ത് | 1,50,000/- | 1,50,000/- | 0 |
| 4/18-19/ 29-9-18 | പോരുവഴി | 1,15,000/- | 1,15,000/- | 0 |
| 6/18-19/ 10-10-18 | മൈനാഗപ്പള്ളി | 3,00,000/- | 2,57,400/- | 42,600/- |
| 7/18-19/ 31-10-18 | കുന്നത്തൂർ | 1,50,000/- | 1,15,000/- | 35,000/- |
| 8/18-19/ 15-11-18 | ശാസ്താംകോട്ട | 2,00,000/- | 2,00,000/- | 0 |
| 10/18-19/ 28-11-18 | ശൂരനാട് നോർത്ത് | 1,50,000/- | 146,400/- | 3,600/- |

ആകെ 89,500/- രൂപ വിനിയോഗിക്കാതെ വിവിധ പഞ്ചായത്തുകളിൽ ബാക്കി നിൽക്കുന്നത് തിരികെ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം ആവശ്യമുള്ള തുക മാത്രം പിൻവലിക്കുകയും പദ്ധതി വിഹിതമായി നൽകുന്ന തുക പൂർണ്ണമായും ചെലവഴിക്കപ്പെടേണ്ടതും ബാക്കി നിൽക്കുന്ന തുക ഉടനെ തന്നെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്. നാളിതുവരെ ആയത് ചെയ്യാതിരുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. ചെലവാക്കാൻ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 2/9-10-20

1-16 അങ്കണവാടി കെട്ടിടനിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ-- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ - സി.ഡി.പി.ഒ. ശാസ്താംകോട്ട

പ്രോജക്ട് നമ്പർ – 43/18-19

പ്രോജക്ട് - അങ്കണവാടി കെട്ടിടനിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ

അടങ്കൽ - 3,10,000/- രൂപ (വികസനഫണ്ട് ജനറൽ)

ചെലവ്-3,00,000/- രൂപ
ബിൽ നമ്പർ – 5/18-19/29-9-18

അങ്കണവാടി കെട്ടിട നിർമ്മാണത്തിനുവേണ്ടി ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതമായി നൽകിയ 3,00,000/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ചിട്ടുള്ള 3,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സം – 3,00,000/- രൂപ
ഓഡിറ്റ് എൻക്വയറി – 2/8.10.2020

1-17 പ്രോജക്ട് രൂപീകരണത്തിലെ അപാകതകൾ

സി.ഡി.പി.ഒ. അഡീഷണൽ നിർവഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ എന്ന പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പേര് | അടങ്കൽ ₹ | ചെലവ് ₹ | ബിൽ നമ്പർ | വിതരണം ചെയ്ത സ്കൂട്ടറുകളുടെ എണ്ണം | നിരക്ക് ₹ |
|---|---|---|---|---|---|---|
| 33/19 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ | 22,20,000/- (വികസന ഫണ്ട് ജനറൽ) | 21,70,000/- | 2/18-19/ 26-3-19 | 28 | 77500/- |
| 137/19 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ-രണ്ടാംഘട്ടം | 10,85,000/- (വികസന ഫണ്ട് ജനറൽ) | 10,85,000/- | 3/18-19 | 14 | 77500/- |

ഒരു പ്രോജക്ട് തന്നെ ഒരു വർഷം പുതിയ പ്രോജക്ടായി രണ്ടായി അംഗീകാരം വാങ്ങിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ആദ്യ പ്രോജക്ടിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾക്കൊള്ളിക്കേണ്ട സാഹചര്യത്തിൽ പ്രോജക്ട് റിവൈസ് ചെയ്യാതെ പുതിയ പ്രോജക്ട് വയ്ക്കാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ആദ്യതവണ പ്രോജക്ട് തയ്യാറാക്കിയപ്പോൾ മുഴുവൻ ഗുണഭോക്താക്കളെയും പരിഗണിച്ച് പ്രോജക്ട് തയ്യാറാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് തയ്യാറാക്കുമ്പോൾ അർഹരായ ഗുണഭോക്താക്കൾക്കുവേണ്ടി ഫണ്ട് വകയിരുത്തി പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 4/9-10-20

1-18 പട്ടികവർഗ്ഗ വികസനപ്രോജക്ട് നടപ്പിലാക്കിയില്ല - തുക ലാപ്സായി

നിർവഹണ ഉദ്ധ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നമ്പർ – 140/19

പ്രോജക്ട് - കുന്നത്തൂർ പഞ്ചായത്തിലെ പട്ടിക വർഗ്ഗ കുടുംബങ്ങളുടെ സമഗ്രവികസനം

അടങ്കൽ – 5,00,000/- രൂപ

റ്റി.എസ്.പി. – 3,88,000/- രൂപ

തനതു ഫണ്ട് – 1,12,000/- രൂപ

കുന്നത്തൂർ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആറ് കുടുംബങ്ങളാണ് ഉള്ളത്. വളരെയധികം കഷ്ടതയോടുകൂടി കഴിയുന്ന ഈ കുടുംബങ്ങൾ കാട്ടുവിഭവങ്ങൾ ശേഖരിച്ചും കൂലിപ്പണി എടുത്തുമാണ് ജീവിതമാർഗ്ഗം തേടുന്നത്. ഈ കുടുംബങ്ങളിൽ വാസയോഗ്യമായ വീടില്ലാത്തവർ, സാനിട്ടറി സൗകര്യം ഇല്ലാത്തവർ, വീട്ടിലേക്കുള്ള വഴി ഇല്ല തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. ഊരുകൂട്ടം വിളിച്ച് ചേർത്ത് ഇവരിൽ നിന്നും പദ്ധതികൾ ചെയ്യുന്നതിനായി ഒരു സമിതി രൂപീകരിച്ച് കൊണ്ട് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനായി ഒരു കൺവീനറെ തെരഞ്ഞെടുത്ത് ഒരു യൂണിറ്റ് ആയി ചെയ്യുന്നതിനാണ് ഈ പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. 2018-19 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്ന് 3,88,000/-രൂപയും തനതുഫണ്ടിൽ നിന്നും 1,12,000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തി.

എന്നാൽ പ്രസ്തുത പ്രോജക്ടിനുവേണ്ടി ഊരുകൂട്ടം കൂടുകയോ പ്രോജക്ട് നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച ടി.എസ്.പി. വിഹിതം ചെലവഴിക്കാതെ ലാപ്സായി പോവുകയും ചെയ്തു. അടുത്ത വർഷം സ്പിൽഓവർ ആയി പ്രോജക്ട് വച്ചിട്ടില്ല. ഇക്കാര്യത്തിൽ അധികൃതരുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 3/9-10-20

1-19 രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളിൽ വിനിയോഗ സാക്ഷ്യപത്രങ്ങളോ കൈപ്പറ്റ് രസീതോ ഹാജരാക്കിയിട്ടില്ല. മറ്റ് അപാകതകളും ഇതോടൊപ്പം ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | അടങ്കൽ ₹ | ചെലവ് ₹ | ബിൽ നമ്പർ | റിമാർക്സ് |
|---|---|---|---|---|---|
| 135/19 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-കുന്നത്തൂർ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | 2,00,000/- | 2,00,000/- | 18/13-12-18 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 130/19 | പാലിയേറ്റീവ് പരിചരണം- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 3,00,000/- | 3,00,000/- | 19/15-12-18 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 22/19 | പാലിയേറ്റീവ് പരിചരണം- പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 4,00,000/- | 4,00,000/- | 11/12-10-18 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 10/19 | സാമൂഹ്യസുരക്ഷാ മിഷന് സംഭാവന | 1,00,000/- | 1,00,000/- | 8/30-7-18 | കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല |
| 129/19 | ബഡ്സ് സ്കൂൾ വസ്തു വാങ്ങൽ -ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | 5,00,000/- | 5,00,000/- | 20/15-12-18 | നാളിതുവരെ വസ്തു വാങ്ങിയില്ല. |
| 80/19 | ശൂരനാട് തെക്ക്, മൈനാഗപ്പള്ളി എന്നീ പഞ്ചായത്തുകൾക്ക് റോഡ് നിർമ്മാണത്തിന് വിഹിതം നൽകൽ | 5,00,000/- | 2,50,000/- | 12/12-10-18 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| | | | 2,50,000/- | 21/15-12-18 | സംയുക്ത പ്രോജക്ട്, റിക്വസിഷൻ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല |
| 134/19 | ഹയർസെക്കന്ററി തുല്യതാ പരീക്ഷാ രണ്ടാം വർഷ ഫീസ് ഒടുക്കൽ | 50,000/- | 48750/- | 28/27-3-19 | ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കേണ്ട പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്. 25 പഠിതാക്കൾക്ക് 1950/- രൂപ നിരക്കിൽ തുക ഒടുക്കിയെങ്കിലും ടി പഠിതാക്കളുടെ അപേക്ഷകൾ, പ്രസ്തുത പഠിതാക്കൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്ന് തുക നൽകിയിട്ടില്ല എന്നുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 133/19 | പത്താം തരാം തുല്യതാ പരീക്ഷയ്ക്ക് ഫീസ് ഒടുക്കൽ | 50,000/- | 22200/- | 29/27-3-19 | ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കേണ്ട പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്. 12 പഠിതാക്കൾക്ക് 1,850/- രൂപ നിരക്കിൽ തുക ഒടുക്കിയെങ്കിലും ടി പഠിതാക്കളുടെ അപേക്ഷകൾ, പ്രസ്തുത പഠിതാക്കൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്ന് തുക നൽകിയിട്ടില്ല എന്നുള്ള |

| | | | | | |
|---|---|---|---|---|---|
| | | | | | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| | | ആകെ | 2070950/- | | |

ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 20,70,950/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം – 20,70,950/- രൂപ

ഓഡിറ്റ് എൻക്വയറി നം. – 1/8-10-20

1-20 ലൈഫ് ഭവനപദ്ധതിയ്ക്ക് തുക പഞ്ചായത്തുകൾക്ക് നൽകി എങ്കിലും വിനിയോഗിച്ചിട്ടില്ല.

ലൈഫ് ഭവനപദ്ധതിയ്ക്കായി താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ പഞ്ചായത്തുകൾക്കായി തുക നൽകിയെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായില്ല.

| പ്രോജക്ട് | അടങ്കൽ ₹ | ചെലവ് ₹, ബിൽ നമ്പർ |
|---|---|---|
| 8/19 ലൈഫ് ഭവനനിർമ്മാണം ജനറൽ | 92,00,000/- (വികസന ഫണ്ട് ജനറൽ) | 92,00,000/- (5/18-19/29-6-18) |
| 9/19 ലൈഫ് ഭവനനിർമ്മാണം – എസ്.സി.പി | 60,00,000/- (വികസന ഫണ്ട് എസ്.സി.പി) | 60,00,000/- (6/18-19/29-6-18) |
| 132/19 ലൈഫ് ഭവനനിർമ്മാണം - രണ്ടാംഘട്ടം (എസ്.സി.പി) | 17,40,000/- (വികസന ഫണ്ട് എസ്.സി.പി) | 17,40,000/- (16/13-12-18) |
| 131/19 ലൈഫ് ഭവനനിർമ്മാണം-രണ്ടാംഘട്ടം-(ജനറൽ) | 22,40,000/- (വികസന ഫണ്ട് ജനറൽ) | 22,40,000/- (17/13-12-18) |

വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ലൈഫ് പദ്ധതി പ്രകാരം വിഹിതം നൽകിയെങ്കിലും ആയത് വിനിയോഗിച്ചിട്ടില്ല. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം – 1,91,80,000/- രൂപ

ഓഡിറ്റ് എൻക്വയറി നം. – 1/8.10.2020

1-21 നടപ്പിലാക്കാത്ത പ്രോജക്ടുകൾക്ക് വിഹിതം നൽകി.

വിവിധ സംയുക്ത പദ്ധതികളുടെ നടത്തിപ്പിനായി ജില്ലാപഞ്ചായത്തിന് തുക നൽകിയെങ്കിലും ആയത് വിനിയോഗിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| 12/19 | ശൂരനാട് റൈസ് മിൽ നിർമ്മാണം-ജില്ലാ പഞ്ചായത്തിന് | 2,00,000/- | 2,00,000/- | 15/12-10-18 | ജില്ലാ പഞ്ചായത്തിന്റെ സംയുക്ത പ്രോജക്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. 2018-19 |

| | | | | | |
|---|---|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | | | | സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് പ്രസ്തുത പ്രോജക്റ്റ് എറ്റെടുത്തിട്ടില്ല |
| 13/19 | ചക്കുവള്ളി ചിറ നവീകരണം- ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ | 5,00,000/- | 5,00,000/- | 13/12-10-18 | ജില്ലാ പഞ്ചായത്തിന്റെ സംയുക്തപ്രോജക്റ്റ്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. 2018-19 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് പ്രസ്തുത പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല |
| 15/19 | ശാസ്താംകോട്ട തടാകം-ഹരിതതീരം-രണ്ടാം ഘട്ടം-തുക ജില്ലാ പഞ്ചായത്തിന് കൈമാറൽ | 3,00,000/- | 3,00,000/- | 14/12-10-18 | ജില്ലാ പഞ്ചായത്തിന്റെ സംയുക്തപ്രോജക്റ്റ്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |

സംയുക്ത പ്രോജക്റ്റിനായി ജില്ലാ പഞ്ചായത്തിന് തുക നൽകിയെങ്കിലും വിനിയോഗിച്ചിട്ടില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സം – 10,00,000/- രൂപ
ഓഡിറ്റ് എൻക്വയറി നം. – 1/8.10.2020

1-22 മരാമത്ത് പ്രവൃത്തി-പൂർത്തീകരണ കാലാവധി വൈകിയതിന്റെ പിഴ ഈടാക്കൽ-നടപടി ക്രമങ്ങളിൽ അപാകത.

പ്രവൃത്തി – കാമ്പിയിൽ ജംഗ്ഷൻ മുതൽ ഐ.എച്ച്.ഡി.പി കോളനി വാറുവിൽ ജംഗ്ഷൻ വരെ റോഡ് ടാറിംഗ്/പാർശ്വഭിത്തി/ഓട നിർമ്മാണം.(97/19).

നിർവ്വഹണ അധികാരി – അസി. എക്സി. എഞ്ചിനീയർ.

അടങ്കൽ തുക – 8,90,000/- രൂപ (വികസന ഫണ്ട് – 8,87,614/-, തനത് ഫണ്ട് – 2386/-)

കരാറുകാരൻ – ശ്രീ. സാബു. ബി., ബംഗ്ലാവിള, ശൂരനാട് പി.ഒ.

കാരാർ തുക – 8,64,096/- രൂപ (കാരാർ നം. 29/AEE/lsgd/17-18 dtd. 16.3.18)

എം ബുക്ക് നം. – 1/18-19, 7/18-19.

ടി പ്രവൃത്തിക്കായി 8,61,090/- രൂപ ആകെ മൂല്യം കണക്കാക്കി പിൻവലിക്കുകയും (ബിൽ നം. 83/30.11.18) വിവിധ കിഴിവുകൾ വരുത്തിയ ശേഷം 8,10,773/- രൂപ കരാറുകാരന് നല്കുകയും ചെയ്തു. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നിശ്ചയിച്ചിരുന്നത് 3 മാസം ആയിരുന്നു. പ്രവൃത്തി നിർവ്വഹണത്തിനായി സ്ഥലം കൈമാറിയിരിക്കുന്ന തീയതി 20.03.2018. പ്രവൃത്തി നിർവ്വഹണം പൂർത്തീകച്ചിരിക്കുന്ന തീയതി 27.11.2018. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി വൈകിയതിനുള്ള പിഴ ഇനത്തിൽ പ്രവൃത്തിമൂല്യത്തിന്റെ 1% തുകയായ 8,611/- രൂപ അവസാന ബിൽ തുകയിൽ കുറവു വരുത്തിയിട്ടുണ്ട്. എന്നാൽ കരാർ നിബന്ധനകളിലെ 5-ാം ഇനമായി കരാർ കാലാവധിയുടെ 20%ന് ശേഷം വരുന്ന 3 മാസ കാലയളവിന് കരാർതുകയുടെ 1% പിഴയും

അതിന് ശേഷം വരുന്ന ഓരോ 3 മാസ കാലയളവിനും കരാർതുകയുടെ 2% വിതം പിഴയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫയൽ രേഖകൾ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 30.11.2018 വരെ നീട്ടി നൽകിയിട്ടുണ്ട്.

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/12.10.2020) മറുപടിയായി, 20.03.2018 ൽ മാത്രം സ്ഥലകൈമാറ്റം നടത്തിയതിനാൽ 2017-18 വർഷത്തിലെ ശേഷിച്ച 10 ദിവസക്കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമായിരുന്നില്ല എന്നും, ആയതിനാൽ 2018-19 വർഷത്തിൽ തുടരേണ്ട സ്പിൽഓവർ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമായിരുന്നുള്ളൂ എന്നും, സ്പിൽഓവർ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത് 25.5.2018 ൽ മാത്രമാണെന്നും, ഈ തീയതി മുതൽ 3 മാസം പ്രവൃത്തി പൂർത്തീകരണ കാലാവധി കണക്കാക്കിയാണ് 1% പിഴ ഈടാക്കി ബിൽ തുക നൽകിയിട്ടുള്ളതെന്നും പദ്ധതി നിർവ്വഹണ അധികാരി വിശദീകരിക്കുന്നു.

മേൽ വിശദീകരണം വസ്തുതാപരമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ, ഓഡിറ്റ് അംഗീകരിക്കുന്നു. എന്നാൽ കരാർ പ്രവൃത്തികൾ നിർത്തി വയ്ക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുള്ളതായി ഫയലിൽ രേഖയില്ല. കൂടാതെ കരാർ പൂർത്തീകരണ കാലാവധി പിഴകൂടാതെ നീട്ടി നൽകിയതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടുള്ളതായും കാണുന്നില്ല. കരാറുകാർക്ക് ഇളവ് അനുവദിക്കുന്നത്പോലുള്ള ഇത്തരം സന്ദർഭങ്ങളിൽ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ടവർ മേലിൽ ഉറപ്പുവരുത്തേണ്ടതാണ്.

1-23 സി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ സ്റ്റോക്കിൽ ഉൾപ്പെട്ടിട്ടില്ല.

1. പ്രോജക്ട് നമ്പർ - S0007/19

പ്രോജക്ടിന്റെ പേര് - മൈനാഗപ്പള്ളി സി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക - 400000/- രൂപ (വികസനഫണ്ട്-റോഡിതരം)

2018-19 വർഷത്തിൽ താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

| മരുന്നുകൾ ലഭ്യമാക്കിയ ഏജൻസി | ഇൻവോയ്സ് നമ്പർ | തുക (രൂപ) |
|---|---|---|
| മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | PRF-2417, 23-7-18 | 160571/- |
| മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | PRF-704, 30-7-18 | 225000/- |
| ആകെ | | 385571/- |

2) പ്രോജക്ട് നമ്പർ - S0124/19

പ്രോജക്ടിന്റെ പേര് - മൈനാഗപ്പള്ളി സി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക - 342170/- (വികസനഫണ്ട്-റോഡിതരം)

| മരുന്നുകൾ ലഭ്യമാക്കിയ ഏജൻസി | ഇൻവോയ്സ് നമ്പർ | തുക (രൂപ) |
|---|---|---|

| | | |
|---|---|---|
| IN HOUSE DRUG BANK | 2739@N/2018/12<br><br>dt.12-12-18 | 84123/- |
| IN HOUSE DRUG BANK | 2740@2018/12<br><br>dt.12-12-18 | 32371/- |
| IN HOUSE DRUG BANK | 2775@2018/12<br><br>dt.22-12-18 | 49113/- |
| IN HOUSE DRUG BANK | 2741@2018/12<br><br>dt.12-12-18 | 18929/- |
| ആകെ | | 184536/- |

ടി ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ 570107/- (385571+184536) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3. പ്രോജക്റ്റ് നമ്പർ-SO053/19

2018-19 വർഷത്തിൽ ശൂരനാട് സി.എച്ച്.സിയിൽ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയ്സ് നമ്പർ, തിയതി, ചെലവ് തുക, വിതരണം എന്നിവ രേഖപ്പെടുത്തുന്നുണ്ടെങ്കിലും, ഇൻവോയ്സ്പ്രകാരം ലഭ്യമായ മരുന്നുകളുടെ എണ്ണം രേഖപ്പെടുത്തുന്നില്ല. ആയതിന്റെ ഉദാഹരണം താഴെപ്പറയുംപ്രകാരമാണ്. (സ്റ്റോക്ക് രജിസ്റ്റർ പേജ്-106)

26-12-18-ലെ ഇൻവോയ്സ്പ്രകാരം ഹ്യൂമൺ ഇൻസുലിൻ 30/7040IU 100 എണ്ണം ശൂരനാട് സി.എച്ച്.സിയിൽ ലഭിച്ചതിന്റെ ഇൻവോയ്സ് നമ്പർ, തിയതി, ചെലവ് തുക, വിതരണം എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിട്ടുണ്ടെങ്കിലും, എണ്ണം രേഖപ്പെടുത്തിട്ടില്ല. ആയതിനാൽ ലഭ്യമായ മരുന്നിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞില്ല.

സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി കൃത്യതയോടുകൂടി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 5, 6/12-10-20

1-24 കരാർ കിഴിവ് കണക്കിലെടുക്കാതെ ബിൽ തുക നൽകി - 2496/-രൂപ തിരികെ ഒടുക്കി

പ്രവൃത്തി – ശാസ്താംകോട്ട താലൂക്കാശുപത്രി പോസ്റ്റ്ഓപ്പറേറ്റീവ് വാർഡ് നവീകരണം.(90/19).

നിർവ്വഹണ അധികാരി – അസി. എക്സി. എഞ്ചിനീയർ.

എസ്റ്റിമേറ്റ് തുകയുടെ 1% കുറഞ്ഞ നിരക്കിൽ ഉറപ്പിച്ച ടി പ്രവൃത്തിക്കായി എസ്റ്റിമേറ്റ് നിരക്കിൽ 249555/-രൂപ ആകെ മൂല്യം കണക്കാക്കുകയും ടെണ്ടർ കുറവ് കണക്കിലെടുക്കാതെ തുക പിൻവലിച്ച് കരാറുകാരന് നല്കുകയും ചെയ്തു. (ബിൽ നം.11/26.6.18). ഇതുമൂലം കരാർ തുകയുടെ 1% ആയ 2496/- രൂപ അധികമായി നൽകിയിരുന്നു. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/12.10.2020), പ്രസ്തുത തുക 13.10.2020 ലെ 86-ാം നമ്പർ രസീത് പ്രകാരം

കരാറുകാരൻ തിരികെ അടച്ചതായി, രസീതിന്റെ പകർപ്പ് സഹിതം പദ്ധതി നിർവ്വഹണ അധികാരി മറുപടിലഭ്യമാക്കിയത് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

1-25 വിദ്യാദീപം-പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏകീകൃത സൗകര്യമുള്ള പഠനമുറി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നമ്പർ – SO005/19
അടങ്കൽ തുക – 3600000/- രൂപ (വികസനഫണ്ട്-എസ്.സി.പി.)
നിർവ്വഹണം – പട്ടികജാതി വികസന ഓഫീസർ

2018-19 വർഷത്തിൽ ആരംഭിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് ഏകീകൃത സൗകര്യമുള്ള പഠനമുറിയെന്ന പദ്ധതിയിൽ ഉൾപ്പെട്ട 18 ഗുണഭോക്താക്കളിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും പണിപൂർത്തീകരിച്ചിട്ടില്ല. (ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപ വീതം)

| ക്രമ നം | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കൈപ്പറ്റിയ തുക | വൗച്ചർ/ബിൽ നം./ തീയതി |
|---|---|---|---|
| 1 | ശ്രീമതി. രമ. ടി<br>അമൃത ഭവനം, കുന്നത്തൂർ പടിഞ്ഞാറ്,<br>കുന്നത്തൂർ കിഴക്ക് പി.ഒ. | 30,000/- (I ഗഡു)<br>60,000/- (II ഗഡു)<br>80,000/- (III ഗഡു) | CB/29/18-19, 14.1.19<br>CB/10/18-19, 25.7.19<br>CB/45/19-20, 12.12.19 |
| 2 | ശ്രീമതി. അശ്വതി. എസ്,<br>പാറപ്പുറത്ത് വീട്,<br>തുരുത്തിക്കര. പി. ഒ. | 30,000/- (I ഗഡു)<br>60,000/- (II ഗഡു)<br>80,000/- (III ഗഡു) | 33/18-19, 21.01.19<br>36/18-19, 26.02.19<br>4/19-20, 29.4.19 |
| 3 | ശ്രീമതി. ഗീത. ടി,<br>അഞ്ചുഉണ്ടിൽ പടിഞ്ഞാറ്റതിൽ,<br>തെക്കൻ മൈനാഗപ്പള്ളി,<br>മൈനാഗപ്പള്ളി. പി. ഒ | 30,000/- (I ഗഡു)<br>60,000/- (II ഗഡു)<br>80,000/- (III ഗഡു) | 20/18-19, 11.12.18<br>30/18-19, 14.01.18<br>37/18-19, 26.02.19 |
| 4 | ശ്രീമതി. നിർമ്മല. കെ,<br>സാരംഗി, വേങ്ങ. പി. ഒ,<br>മൈനാഗപ്പള്ളി. | 30,000/- (I ഗഡു)<br>60,000/- (II ഗഡു)<br>80,000/- (III ഗഡു) | 18/18-19, 27.11.18<br>22/18-19, 17.12.18<br>34/18-19, 29.1.19 |
| 5 | ശ്രീ. സതീഷ്കുമാർ,<br>കാരാടയ്യത്ത്,<br>വേങ്ങ. പി. ഒ.<br>മൈനാഗപ്പള്ളി. | 30,000/- (I ഗഡു)<br>60,000/- (II ഗഡു)<br>80,000/- (III ഗഡു) | 15/18-19, 21.11.18<br>20/18-19, 11.12.18<br>28/18-19, 27.12.18 |
| | ആകെ | 8,50,000/-രൂപ | |

മേൽ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിക്കാത്തതിനാൽ കൈപ്പറ്റിയ 8,50,000/- (5 x 170000) രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 7/12-10-20

1-26 ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും പ്രീ-മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് ട്രാവലിംഗ് അലവൻസ്,മാസഅലവൻസ് എന്നിവ നൽകി.161880/രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - SO003/19

അടങ്കൽ തുക - 20,00,000/- രൂപ (വികസനഫണ്ട്- 18,47,750/-, തനത്ഫണ്ട്- 1,52,250/-)

2018-19 വർഷത്തിൽ ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും പ്രീ-മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് ട്രാവലിംഗ് അലവൻസ്, മാസഅലവൻസ് എന്നിവ നൽകി. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1. മാസ അലവൻസ്

| പ്രീ-മെട്രിക് ഹോസ്റ്റൽ | കാലയളവ് | മാസ അലവൻസ് (രൂപ) | ബിൽ നം/തിയതി |
|---|---|---|---|

| | | | |
|---|---|---|---|
| ശാസ്താംകോട്ട<br>പോരുവഴി<br>കുന്നത്തൂർ | 6/18 | 6160/-<br>7830/-<br>8100/- | 4/18-19<br>26-07-18 |
| ശാസ്താംകോട്ട<br>പോരുവഴി<br>കുന്നത്തൂർ | 7/18 | 6160/-<br>8100/-<br>7830/- | 6/18-19<br>29-08-18 |
| ശാസ്താംകോട്ട<br>പോരുവഴി<br>കുന്നത്തൂർ | 8/18 | 6160/-<br>7830/-<br>7830/- | 7/18-19<br>22-09-18 |
| ശാസ്താംകോട്ട<br>പോരുവഴി<br>കുന്നത്തൂർ | 9/18 | 6160/-<br>7830/-<br>6160/- | 10/18-19<br>24-10-18 |
| ശാസ്താംകോട്ട<br>പോരുവഴി<br>കുന്നത്തൂർ | 10/18 | 7830/-<br>7830/-<br>7560/- | 14/18-19<br>22-11-18 |
| ശാസ്താംകോട്ട<br>പോരുവഴി<br>കുന്നത്തൂർ | 11/18 | 5040/-<br>8100/-<br>7560/- | 21/18-19<br>18-12-18 |
| ശാസ്താംകോട്ട<br>പോരുവഴി<br>കുന്നത്തൂർ | 12/18 | 4760/-<br>8100/-<br>7560/- | 32/18-19<br>21-01-19 |
| | ആകെ | 150490/- | |

2. ട്രാവലിംഗ് അലവൻസ്

| പ്രീ-മെട്രിക് ഹോസ്റ്റൽ | കാലയളവ് | ട്രാവലിംഗ് അലവൻസ് (രൂപ) | ബിൽ നം/തിയതി |
|---|---|---|---|
| ശാസ്താംകോട്ട<br>പോരുവഴി<br>കുന്നത്തൂർ | 7/18 | 1360/-<br>1820/-<br>2570/- | 6/18-19<br>29-08-18 |
| ശാസ്താംകോട്ട<br>പോരുവഴി<br>കുന്നത്തൂർ | 11/18 | 1210/-<br>1890/-<br>2540/- | 21/18-19<br>18-12-18 |
| | ആകെ | 11390/- | |

സർക്കാർ നിർദ്ദേശമില്ലാതെ ട്രാവലിംഗ് അലവൻസ്, മാസ അലവൻസ് എന്നീയിനങ്ങളിൽ പ്രോജക്ട് പ്രകാരം ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയ 161880/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖാമൂലം വിശദീകരണം നൽകേണ്ടതും സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ – 8/12-10-20
തടസ്സം – 1,61,880/- രൂപ

1-27 ലൈഫ് - ഭവന പദ്ധതി - ഗുണഭോക്താവ് വീട് പൂർത്തീകരിച്ചില്ല.

പ്രോജക്ട് നമ്പർ – S0037/19

അടങ്കൽ തുക - 43,75,000/- രൂപ (വികസനഫണ്ട് – എസ്.സി.പി)

സ്വന്തമായി വസ്തുവും, വീടും ഇല്ലാത്തവർക്ക് ആയത് നൽകുന്നതിലൂടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ലൈഫ്-ഭൂരഹിത-ഭവനരഹിത പുനരധിവാസ പദ്ധതി. ഈ പദ്ധതിപ്രകാരം ഒരു ഗുണഭോക്താവിന് 2,25,000/- രൂപ ഭൂമി വാങ്ങുന്നതിനും, 4,00,000/- രൂപ വീട് വയ്ക്കുന്നതിനും നൽകുന്നു. 2018-19 വർഷത്തിൽ ടി പദ്ധതി പ്രകാരം 7 ഗുണഭോക്താക്കളിൽ ശ്രീമതി. സുധ, കോട്ടേകുന്നത്ത്, പള്ളിമുറി, അമ്പലത്തുംഭാഗം, പോരുവഴി എന്നയാൾ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. ടിയാരി ഒന്നാം ഗഡു 60,000/- രൂപ മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ (CB-01/19-20/29.4.19). ബാക്കി തുക കൈപ്പറ്റി നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ – 9/12-10-20

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | പരിശോധിച്ച തീയതി | |
|---|---|---|
| 2018-19 | 19-6-2019 | കെ.എസ്.എ.-കെ.എൽ.എം.-പി10/1185/19, തീ.29-8-19 |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,34,01,495/- | പി.എം.എ.വൈ | 1,21,78,300/- | 12,23,195/- |
| ഗ്രാമ പഞ്ചായത്ത് | 2018-19 | 2,52,088/- (മുൻബാക്കി) | പി.എം.എ.വൈ | 2,52,088/- | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 മുതൽ 2004-05 വരെ | 3.25 | 2007-08 | 3.10.1 | കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി- ആത്യന്തികമായി പാഴ്ച്ചെലവായി മാറി | - |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 15,87,52,578/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 13,14,55,886/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,32,87,017/- |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | ഇല്ല. | ഇല്ല. | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 (3) | 4,080/- | കെ. അനിൽ കുമാർ, സെക്രട്ടറി |
| 1-16 | 3,00,000/- | ശ്രീമതി ഗംഗാഭായി, സി.ഡി.പി.ഒ. ശാസ്താംകോട്ട |
| 1-19 | 20,70,950/- | കെ. അനിൽ കുമാർ, സെക്രട്ടറി |
| 1-20 | 1,91,80,000/- | കെ. അനിൽ കുമാർ, സെക്രട്ടറി |
| 1-21 | 10,00,000/- | കെ. അനിൽ കുമാർ, സെക്രട്ടറി |
| 1-26 | 1,61,880/- | ശ്രീമതി സിന്ധു. പി. റ്റി., എസ്.സി.ഡി.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമുള്ളവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സ ത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഗംഗാഭായി, സി.ഡി.പി.ഒ. ശാസ്താംകോട്ട | സി.ഡി.പി.ഒ. ശാസ്താംകോട്ട | വേളൂർകിഴക്കതിൽ, കടപ്പ, മൈനാഗപ്പള്ളി. പി. ഒ, കൊല്ലം |
| കെ. അനിൽ കുമാർ, സെക്രട്ടറി | സെക്രട്ടറി, ശാസ്താംകോട്ട | കല്ലൂരാവിൽ വേങ്ങ പി. ഒ. ശാസ്താംകോട്ട |
| ഡോ. വീണാരാജ് (മെഡിക്കൽ ഓഫീസർ, മൈനാഗപ്പള്ളി സി.എച്ച്.സി) | - | തൊടിയിൽവീട് നടുവിലക്കര ഉമയനല്ലൂർ പി. ഒ. |
| ഡോ. സാം (മെഡിക്കൽ ഓഫീസർ, മൈനാഗപ്പള്ളി സി.എച്ച്.സി) | - | പാലവിള വീട് ആലുംമൂട് പി. ഒ. മുഖത്തല |
| സിന്ധു. പി. ഒ. എസ്.സി.ഡി.ഒ. | എസ്.സി.ഡി.ഒ. ശാസ്താംകോട്ട | സൗപർണ്ണിക മേമന പി. ഒ. അമ്പലപ്പുഴ ആലപ്പുഴ |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 1995-96 മുതൽ 1997-98 വരെ | കെ.എസ്.എ.കെ.എൽ.എം.പി10/458(1)/18, 24.3.2018 | 8 |
| 1998-99 മുതൽ | കെ.എസ്.എ.കെ.എൽ.എം.പി10/458(2)/18, 24.3.2018 | 7 |

| | | |
|---|---|---|
| 2004-05 വരെ | | |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി10/458(3)/18, 24.3.2018 | 10 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി1/165/16, 14.03.16 | 8 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി-1536(4)/14, 2.7.14 | 7 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി-1536(3)/14, 2.7.14 | 8 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി-2306/14, 9.1.15 | 4 |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി-1536(1)/14, 2.7.14 | 6 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/1498/14, 16.4.15 | 15 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/2175/15, 18.2.16 | 9 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.10/1513/17, 27.11.17 | 18 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.10/2001/07, 7.12.2017 | 9 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.10/403/19, 9.4.2019 | 14 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം -1

ഓഡിറ്റ് സാക്ഷ്യപത്രം

നം : കെ.എസ്.എ-കെ.എൽ.എം.-പി10/1194/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി : 15.01.2021

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം-2

സംക്ഷിപ്തം (Audited Abstract)

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം